# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2843 — 06.11.2019 ലെ മറുപടി

### പച്ചത്തുംപാറയിൽ ജലക്ഷാമം പരിഹരിക്കുന്നതിന് നടപടി

| ചോദ്യം<br>ശ്രീ.മഞ്ഞളാംകുഴി അലി: | മറുപടി<br>കെ.കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) |
|---|---|
| (എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ ഒലിപ്പുഴയിലെ കടുത്ത ജലക്ഷാമം പരിഹരിയ്ക്കുന്നതിന് മേലാറ്റൂർ ഗ്രാമപഞ്ചായത്തിൽ പച്ചത്തുംപാറ വി.സി.ബി യ്ക്ക് ഷട്ടർ നിർമ്മിയ്ക്കണമെന്ന , ആവശ്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ശുദ്ധജലവിതരണ സമിതിയുടെയും നാട്ടുകാരുടെയും ആവശ്യം പരിഗണിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ)യും (ബി)യും (സി)യും<br><br>ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി 5 ലക്ഷം രൂപ ചെലവ് വരുന്ന എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യത യ്ക്കനുസരിച്ച് തുടർനടപടികൾ സ്വീകരി ക്കുന്നതാണ്. |
| (ബി) ഈ പ്രദേശത്തെ പ്രശ്നം പരിഹരിയ്ക്കുന്നതിന് പ്രസ്തുത പദ്ധതിയ്ക്കായി എത്ര രൂപ ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; എങ്കിൽ വിശദമാക്കുമോ; | |
| (സി) പൊതുജനങ്ങളുടെ ദീർഘകാലത്തെ ആവശ്യമെന്നത് പരിഗണിച്ച് ജലക്ഷാമം പരിഹരിയ്ക്കുന്നതിന് ആവശ്യമായ തുക വകയിരുത്തുന്നതിനും പ്രസ്തുത പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകുന്നതിനും നടപടി സ്വീകരിയ്ക്കുമോ? | |

സെക്ഷൻ ഓഫീസർ